1-4-1983-നുശേഷം സർക്കാർ വനത്തിൽനിന്നും മരംമുറിക്കുന്ന നയത്തിൽ മാറ്റം വന്നുവെന്നും മുഖ്യവനപാലകൻ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ സെലക്ഷൻ ഫെല്ലിംഗ് കൂപ്പുകളിൽനിന്നും മരം മുറിക്കുന്നതിന് അനുവദിക്കുന്നുണ്ട്. അങ്ങനെ അണക്കെട്ടുകളുടെ കാച്ച്മെന്റ് ഏരിയാ തുടങ്ങിയ സ്ഥലങ്ങളിലെ സെലക്ഷൻ ഫെല്ലിംഗ് കൂപ്പുകളിൽനിന്നും തടിയിറക്കുന്നതു തടയപ്പെട്ടിട്ടുണ്ട്. തൻനിമിത്തം വിപണിയിൽ വളരെക്കുറച്ചു തടി മാത്രമേ എത്തുന്നുള്ളൂ. അതോടൊപ്പംതന്നെ ഇപ്പോൾ പൊതുവിപണിയിലാണ് പരിമിതമായ തോതിൽ തടി ലഭിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയാണ്. വനം വകുപ്പിൽനിന്നും സെലക്ഷൻ ഫെല്ലിംഗ് മുഖേന തടി ലഭിക്കുകയെന്നുള്ളതാണ് വ്യവസായികളുടെ ആവശ്യം. സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾക്ക് വിധേയമായിട്ട് സെലക്ഷൻ ഫെല്ലിംഗ് കൂപ്പുകളിൽനിന്നും മരം വെട്ടിയിറക്കാനും സർക്കാർ ഡിപ്പോയിൽ കൊണ്ടുവന്ന് വിപണനവും വിതരണവും ചെയ്യുന്നതിനുള്ള സത്വരനടപടികൾ വനംവകുപ്പ് സ്വീകരിച്ചതായി മുഖ്യവനപാലകൻ പറഞ്ഞിട്ടുണ്ട്. ചെറുകിട വ്യവസായങ്ങൾക്കുവേണ്ടിയുള്ള സോഫ്റ്റ്വുഡ്ഡിന്റെ വിതരണം സംബന്ധിച്ച് 24-6-1985-ൽ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. ആ ഉത്തരവിന്റെ പ്രസക്തഭാഗം സഭയുടെ അറിവിനുവേണ്ടി ഞാൻ വായിക്കാം. ലഭ്യമായിട്ടുള്ള സോഫ്റ്റ്വുഡ്ഡിന്റെ 50 ശതമാനം പൊതുവായി ലേലത്തിൽ വിൽക്കുന്നതാണ്. ബാക്കി 50 ശതമാനം സോഫ്റ്റ്വുഡ് കമ്മിറ്റി നിശ്ചയിച്ച മാനദണ്ഡമനുസരിച്ച് കോട്ടാ സിസ്റ്റപ്രകാരം ചെറുകിട യൂണിറ്റുകൾക്ക് നേരിട്ട് വിതരണം ചെയ്യുമ്പോൾ മരവ്യവസായങ്ങൾ ഇന്നനുഭവിക്കുന്ന വിഷമതകൾ തീരുമെന്നാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്. ഈ കാര്യം ശ്രദ്ധിക്കാം.

(21) മലയിൻകീഴ് പോലീസ് സ്റ്റേഷനതിർത്തിയിൽ നടന്ന കൊലപാതകം

ശ്രീ. വി. ജെ. തങ്കപ്പൻ : ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുന്നതിനാണ് ഈ സബ്മിഷൻ. മലയിൻകീഴ് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കഴിഞ്ഞ മേയ് 27-ാം തീയതി രാത്രിയിൽ ലൂക്കോസ് എന്ന ഒരു ചെറുപ്പക്കാരൻ കൊല്ലപ്പെട്ടു. തലയുടെ ഉച്ചിയിൽ ഏറ്റ മാരകമായ മുറിവാണ് അയാൾ കൊല്ലപ്പെടാൻ കാരണം. നെയ്യാറ്റിൻകര പോലീസ് സബ് ഇൻസ്പെക്ടർ മൂന്നാഴ്ച അന്വേഷണം നടത്തി. ഇതുവരെ പ്രതികളെ കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ല. അതിനുശേഷം തിരുവനന്തപുരം ക്രൈം ഡിറ്റാച്ച്മെന്റ് കഴിഞ്ഞ അഞ്ചാഴ്ചയായി അന്വേഷിക്കുന്നു, ഇതുവരെയും കൊലയാളികളെ കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ല. ജനങ്ങളുടെയിടയിൽ വളരെ സംഭ്രാന്തി ഉണ്ടാക്കിയിട്ടുള്ള ഒരു സംഭവമാണ് ഇത്. അതുകൊണ്ട് ദയവുചെയ്ത് പ്രതികളെ കണ്ടുപിടിക്കുന്നതിന് അടിയന്തിരമായ നടപടിക്രമങ്ങൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): ലൂക്കോസിന്റെ മരണത്തിന്റെ കാരണത്തെക്കുറിച്ച് പോസ്റ്റ്മോർട്ടം റിപ്പോർട്ട് കിട്ടിയതിനുശേഷം ക്രൈംബ്രാഞ്ച് അന്വേഷണം ഏറ്റെടുത്തു. എന്താണ് സംഭവിച്ചത് എന്നുള്ള നിഗമനത്തിൽ പോലും എത്താൻ കഴിഞ്ഞിട്ടില്ല. അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly